"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീ.കിരൺ.കെ.ജി യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു - ഉത്തരവാകുന്നു.

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.578/2023/AGRI തീയതി,തിരുവനന്തപുരം, 13-06-2023

പരാമർശം 1. സ.ഉ.(സാധാ)നം. 1342/2008/എഡി തീയതി .10/7/2008

2. സ.ഉ.(സാധാ)നം. 1246/2012/എഡി തീയതി .12/2/2012

3 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23/11/2019 തീയതിയിലെ SD(1)15043/2018/ നമ്പർ നടപടിക്രമം

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/03/2023 തീയതിയിലെ ADFW/1603/2023-SD2 നമ്പർ നടപടിക്രമം

5.കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24/03/2023,10/5/2023 തീയതികളിലെ ADFW/1603 /2023-SDനമ്പർ കത്ത്

ബി.എസ്.സി. (അഗ്രികൾച്ചർ) ഹോർട്ടികൾച്ചർ ഡിഗ്രിയും 3 വർഷം സർവ്വീസുമുള്ള കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർമാരായി പ്രൊമോഷൻ നൽകുന്നതിനായി കേഡർ സ്ട്രെങ്ങ്തിന്റെ 2% ക്വോട്ട അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലായിരുന്ന 2012 കാലയളവിൽ കൃഷി വകുപ്പിൽ കൃഷി ഓഫീസർമാരുടെ അഭാവം മൂലം ബി.എസ്.സി. (അഗ്രികൾച്ചർ) യോഗ്യതയുള്ള കൃഷി അസിസ്റ്റന്റുമാരെ കൃഷി ഓഫീസർമാരായി നിയമിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം കൃഷി ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.കിരൺ കെ. ജിയെ പരാമശം 3 പ്രകാരം കൃഷി ഓഫീസർ തസ്തികയിൽ ക്രമപ്പെടുത്തിയിരുന്നു.

2) 04/08/2012 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.കിരൺ കെ. ജി നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാതിരുന്നതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (4) നടപടിക്രമം പ്രകാരം 03/09/2014 മുതൽ 02/09/2015 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ശ്രീ.കിരൺ കെ. ജി ജൂലൈ 2022 ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായിട്ടുണ്ട്. ടി പരീക്ഷയുടെ അവസാന തീയതി 02/12/2022 ആണ്. ശ്രീ.കിരൺ കെ. ജി യുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (5) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഓഫീസറായ ശ്രീ.കിരൺ കെ. ജി യുടെ പ്രൊബേഷൻ കെ എസ്.&എസ് എസ് ആർ ഭാഗം II ചട്ടം 28 (bbb) ലെയും 30/08/1989 ലെ 7850/റൂൾസ് -1-88/P&ARD നമ്പർ സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 03/12/2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 03/09/2015 മുതൽ 04/12/2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ.കിരൺ.കെ.ജി. (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/85/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ